# KERALA STATE HAJ COMMITTEE

**P.O. CALICUT AIRPORT, MALAPPURAM – 673 647.**
Phone: 0483 - 2710717. Fax:0483 - 2717572.

Ref. H1- 245/2016 Date: 07-12-2016

## പത്രക്കുറിപ്പ്

1) 2017 ഹജ്ജ് അപേക്ഷാ ഫോറങ്ങൾ സൂക്ഷ്മ പരിശോധന നടത്തി ക്രോഡീകരിക്കുന്നതിനും മറ്റും ഹജ്ജ് കമ്മിറ്റി നിശ്ചയിക്കുന്ന ദിവസ വേതനാടിസ്ഥാനത്തിൽ ഏകദേശം മൂന്നു മാസക്കാലത്തേക്ക് ജോലി ചെയ്യുന്നതിന് താൽപര്യമുള്ള എസ്.എസ്.എൽ.സിയോ അതിനുമുകളിലോ യോഗ്യതയുള്ള 40 വയസ്സിന് താഴെയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവർക്ക് മുൻഗണന.

താൽപര്യമുള്ളവർ **17-12-2016ന് ശനിയാഴ്ച** രാവിലെ 11 മണിക്ക് ബയോഡാറ്റയും, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം കാലിക്കറ്റ് എയർപോർട്ട് റോഡിലുള്ള സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓഫീസ്സിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

2) ഹജ്ജ് അപേക്ഷകൾ പീസ്വർക്ക് അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുന്നതിന് ഏജൻസികളിൽ (കമ്പ്യൂട്ടർ സെന്ററുകൾ, അക്ഷയ സെന്ററുകൾ, കുടുംബശ്രീ ഐ.ടി. യൂനിറ്റുകൾ മുതലായവരിൽ) നിന്നും അപേക്ഷ ക്ഷണിക്കുന്നു. താൽപര്യമുള്ളവർ അവരുടെ ക്വട്ടേഷൻ **20-12-2016ന്** വൈ: 3 മണിക്കു മുമ്പായി ലഭിക്കത്തക്ക വിധം എക്സിക്യൂട്ടീവ് ഓഫീസർ, കേരളാ സംസ്ഥാന ഹജ്ജ് കമ്മിറ്റി, പി.ഒ. കാലിക്കറ്റ് എയർപോർട്ട്, മലപ്പുറം എന്ന വിലാസത്തിൽ അയക്കുകയോ നേരിട്ട് സമർപ്പിക്കുകയോ ചെയ്യേണ്ടതാണ്. വിശദ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0483-2710717, Website: keralahajcommittee.org

(ഒപ്പ്)
**ജില്ലാ കളക്ടർ & എകിസ്ക്യൂട്ടീവ് ഓഫീസർ**
**കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി.**